ശ്രീ. വർക്കല രാധാകൃഷ്ണൻ: കുറ്റക്കാരനാണെന്നു പറയുന്നില്ല. പ്രതി കുറ്റക്കാരനാകുന്നത് കോടതി വിധി വരുമ്പോഴാണ്. പക്ഷെ ഒരു പ്രതിയുടെ പേരിൽ അന്വേഷണം നടക്കുമ്പോഴം, ഒരു പ്യൂൺ ഒരു കേസിൽ പ്രതിയായാൽപോലും അയാളെ സർവ്വീസിൽ നിന്നു മാറ്റി നിർത്തും.

## റൂളിംഗ്

മി. സ്പീക്കർ: മന്ത്രിയായിട്ടുള്ള ഒരാളിനെതിരെ കോടതിയിൽ കേസ് നിലവിലിരിക്കുമ്പോഴം മന്ത്രിയായി തുടരാമോ എന്ന പ്രശ്നത്തെക്കുറിച്ച് ഈ സഭയിൽതന്നെ 1991 ജൂലൈ മാസം 8-ാം തീയതി വളരെ വിശദമായി ചർച്ചകഠം നടന്നു. അതെത്തുടർന്നു ഞാൻ റൂളിംഗ് നൽകിയിട്ടുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിഠം 164 അനുസരിച്ച് മുഖ്യമന്ത്രിയുടെ ഉപദേശ പ്രകാരമാണ് സഹമന്ത്രിമാരെ ഗവർണ്ണർ നിയമിക്കുന്നത്. ഗവർണ്ണറുടെ പ്രിറോഗററീവിനെ ആർക്കുംതന്നെ ചോദ്യം ചെയ്യാൻ സാദ്ധ്യമല്ല. ഒരു കേസിൽ ചാർജ്ഷീററ് നൽകിയിരുന്നാൽപ്പോലും അത് ശിക്ഷയിൽ അവസാനിച്ചുകൊള്ളണമെന്നില്ല. ഇത് നിയമസഭയിലെ ചർച്ച മുഖേന തീരുമാനിക്കേണ്ടതോ ഒരു റൂളിംഗ് വഴി തീരുമാനിക്കേണ്ടതോ അങ്ങനെ ഒരു പരിഹാരം ഉണ്ടാക്കേണ്ട ഒരു പ്രശ്നമല്ല. ഭരണഘടനാപരമായ മററ് നടപടികഠം സ്വീകരിക്കുക എന്നതുമാത്രമാണ് ഈ ഘട്ടത്തിൽ ഇത് സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ കരണീയമായിട്ടുള്ളത്. അതുകൊണ്ട് ഇതിന്റെ അടിസ്ഥാനത്തിൽ ഈ ക്രമപ്രശ്നം റൂഠം ഔട്ട് ചെയ്യുകയാണ്.

## (2) സർവ്വകലാശാല ഏകീകൃത നിയമം

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഞാൻ ഒരു പ്രധാനപ്പെട്ട സംഗതി ഈ സഭയുടെ ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ സർവ്വകലാശാലകളുടെ നിയമങ്ങഠം ഏകീകരിക്കുന്നതിന്, യൂണിഫൈഡ് യൂണിവേഴ്സിററി ആക്ടിന്, ഇവിടെ ബില്ലു കൊണ്ടുവരികയുണ്ടായി. ആ ബിൽ ഈ സഭയുടെ അനുവാദത്തോടുകൂടി ഒരു സെലക്ററ് കമ്മിററിക്ക് അയയ്ക്കുകയും ചെയ്തു. ആ നിയമത്തിന്റെ മെരിററിലേക്ക് ഒന്നും ഞാൻ കടക്കുന്നില്ല. ഉന്നത വിദ്യാഭ്യാസത്തെ ആകെ കുഴപ്പത്തിലാക്കിയിട്ടുള്ള ഒരു സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. ആ നിയമം ഇപ്പോഠം ഏത് സ്റേറജിലിരിക്കുന്നു എന്നുള്ളത് ആർക്കും ഒരു പിടി പാടില്ല. ഈ സെലക്ററ് കമ്മിററി ഡിസ്ട്രിക്ററുകളിലെ സിററിംഗ് സിനുശേഷം ഒരു ടൂർ നടത്തി ഇൻഡ്യയിലെ വിവിധ സർവ്വകലാശാലകളിൽ പോയി തെളിവെടുത്തുകഴിഞ്ഞിട്ട് പന്നീട് ഒന്നും നടന്നിട്ടില്ല. പന്നീട് ഒരിക്കൽ കമ്മിററി വിളിച്ചിട്ട് പറഞ്ഞു, അതിന്റെ അവതരണാനുമതിക്ക് കുറച്ചുകൂടി സമയം നീട്ടികിട്ടുന്നതിന് ശ്രമിക്കുമെന്ന്. ഇപ്പോഠം എന്താണ് സംഭവിച്ചിരിക്കുന്നതെന്നുവച്ചാൽ, ഈ സഭ നൽകിയിട്ടുള്ള സമയപരിധി കളൊക്കെ കഴിഞ്ഞു. ഈ ബില്ലിനെക്കുറിച്ചുള്ള സെലക്ററ് കമ്മിററിയുടെ ഒരു വർക്കും ഇപ്പോഠം നടക്കുന്നില്ല. സർവ്വകലാശാലകളെ സംബന്ധിച്ചിടത്തോളം ഉന്നതവിദ്യാഭ്യാസ രംഗമാകെ കുത്തഴിഞ്ഞ മട്ടിലായി. അതു കൊണ്ടു ഈ ബില്ലിന്റെ സ്ഥിതി എന്തായി, ഈ ബില്ലുമായി പ്രൊസീഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന കാര്യം അറിയിക്കണം. സെലക്ററ് കമ്മിററിയുടെ സ്ഥിതി എന്താണ്, അത് ഉണ്ടോ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly